പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4616** **29.6.2012-ൽ മറുപടിക്ക്**

**ആലപ്പുഴയിൽ ബയോഗ്യാസ് പ്ലാന്റുകൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ആലപ്പുഴ നഗരസഭയിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് റസിഡന്റ്സ് അസ്സോസിയേഷനുകൾ മുഖേന ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;<br><br>ബി) ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ) & ബി) ഉണ്ട്.<br>സമ്പൂർണ്ണ ശുചിത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉറവിടത്തിൽ തന്നെ മാലിന്യം സംസ്കരിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ വേണ്ട സാങ്കേതിക സഹായവും ഭാഗിക സാമ്പത്തിക സഹായവും നല്കിവരുന്നു. മാലിന്യങ്ങൾ ഉത്ഭവ സ്ഥാനത്ത് തന്നെ സംസ്കരിക്കുന്നതിലേക്കായി ബയോഗ്യാസ് പ്ളാന്റുകളും, കമ്പോസ്റ്റിംഗ് രീതികളും സ്ഥാപിക്കാനാണ് പ്രോൽസാഹനം നല്കിവരുന്നത്. ഇപ്രകാരം തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും ഭാഗിക സാമ്പത്തിക സഹായവും അനുവദിച്ച് നല്കിവരുന്നു. ബയോഗ്യാസ് പ്ളാന്റുകൾക്ക് 50 ശതമാനം സബ്സിഡി സംസ്ഥാന സർക്കാരും 25 ശതമാനം സബ്സിഡി തദ്ദേശ സ്വയംഭരണ സ്ഥാപനവും നൽകി വരുന്നു. ഇത്തരത്തിൽ പദ്ധതി തയ്യാറാക്കി നൽകിയാൽ ആലപ്പുഴ നഗരസഭയിലേക്ക് ഇതിനുള്ള സഹായം നൽകുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്. |
| സി) സംസ്ഥാന ശുചിത്വമിഷൻ നഗരസഭകളിലെ മാലിന്യപ്രശ്നം പരിഹരിക്കുവാൻ എന്തു സഹായമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ? | സി) നഗരസഭകളിൽ നിലവിലുള്ള മാലിന്യ സംസ്കരണ പ്ളാന്റുകളിലെ പോരായ്മകൾ പരിഹരിച്ച് ആധുനികവൽക്കരിക്കുന്നതിനും പ്ളാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ പ്ളാന്റുകൾ സ്ഥാപിക്കുന്നതിനും വേണ്ടി നല്കുന്ന പ്രോജക്ടുകൾക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും ശുചിത്വമിഷൻ വഴി നല്കിവരുന്നു. 2011-12 വർഷം മുതൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും പദ്ധതി തുകയുടെ 100 ശതമാനം ധനസഹായമാണ് ലഭ്യമാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ